പി.എസ്.സി.-യിൽ ജീവനക്കാരുടെ ലഭ്യത

14 (*314) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ നിയമനങ്ങൾ നടത്തൽ, നിയമന വെരിഫിക്കേഷൻ, യൂണിഫോമ്ഡ് ഫോഴ്സിലേക്ക് വർഷാ വർഷം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഉൾപ്പെടെയുള്ള അധിക ജോലികൾ പി.എസ്.സി.-ക്ക് ചെയ്യേണ്ടി വരുമ്പോൾ അതിനനുസൃതമായി ജീവനക്കാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആവശ്യമായ ജീവനക്കാരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെയും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുമോ ; വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ മദ്ധ്യതല മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിലേക്കായും കമ്മീഷന്റെ ഭൗതിക വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായി ജോയിന്റ് സെക്രട്ടറി-2, ഡെപ്യൂട്ടി സെക്രട്ടറി-4, അണ്ടർ സെക്രട്ടറി-3, ഹാർഡ്വെയർ എഞ്ചിനീയർ-2, സിസ്റ്റം അനലിസ്റ്റ്-2 എന്നിങ്ങനെ 13 തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ കേരള നിയമസഭയുടെ പ്രവാസി മലയാളി ക്ഷേമം സംബന്ധിച്ച സമിതി റിപ്പോർട്ടിന്റെ ഭാഗമായി ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽക്കൂടി പി.എസ്.സി. പരീക്ഷാ നടത്തുന്നതിനുവേണ്ട തസ്തികകൾ ഏതൊക്കെയാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആരായുകയും 4 മെട്രോ നഗരങ്ങളിൽ സോണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് പി.എസ്.സി. സന്നദ്ധത അറിയിക്കുകയും ഓരോ സോണൽ ഓഫീസിലേക്കും 10 വീതം മൊത്തം 40 തസ്തികകൾ അനുവദിക്കണമെന്ന് പി.എസ്.സി. ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസലിന്റെ വിശദമായ പരിശോധന നടത്തേണ്ടതിനാൽ അധിക സാമ്പത്തികബാദ്ധ്യത സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly